**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299** **16-09-2025 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടലുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിശപ്പുരഹിത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ച 'സുഭിക്ഷ ഹോട്ടലുകൾ' കാര്യക്ഷമമായി നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | രാജ്യത്തിനു മാതൃകയായ "വിശപ്പ രഹിത കേരളം" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത്, ഒരു നിയമസഭാ മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിൽ നിന്നും കിലോഗ്രാമിന് 10.90/-രൂപ നിരക്കിൽ പ്രതിമാസം 600 kg അരി അനുവദിക്കുന്നതിനു അനുമതി നല്കിയിട്ടുണ്ട്.<br><br>സുഭിക്ഷ ഹോട്ടലുകളുടെ ആവർത്തന ചെലവുകളായ സബ് സിഡി തുക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കെട്ടിടവാടക, മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ തുക എന്നിവ ബില്ലുകൾ സമർപ്പിക്കുന്ന മുറക്ക് അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | നല്ല നിലയിൽ പ്രവർത്തിക്കുന്ന സുഭിക്ഷ ഹോട്ടലുകൾക്ക് നൽകി വരുന്ന അരിവിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്തിനുള്ള ടൈഡ് ഓവർ വിഹിതം കേന്ദ്ര സർക്കാർ വർധിപ്പിക്കുന്ന മുറയ്ക്ക് ഈ ആവശ്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ